## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8263

17.07.2014-ലെ മറുപടിയ്ക്ക്

### പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.കെ.ശിവദാസൻ നായർ | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദ മാക്കുമോ; | (എ) വിനോദസഞ്ചാര മേഖലയിലെ പുതി യൊരു സങ്കല്പമാണ് ഇക്കോടൂറിസം. പരിസ്ഥിതിയുടെ സംസ്കാരവും ചരിത്രവും മനസ്സിലാക്കാനുള്ള സഞ്ചാര മാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശീയർക്ക് പ്രയോജന പ്രദമായ രീതിയിൽ പ്രകൃതി സമ്പത്ത് സംരക്ഷിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുകയാണ് ഇക്കോടൂറിസ ത്തിന്റെ ശൈലി. ഇത്തരത്തിൽ പ്രധാന ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കിയത് ഇക്കോടൂറിസം കേന്ദ്രങ്ങളായ തെന്മല, കൊച്ചുപമ്പ (ഗവി), വെള്ളിക്കീൽ, അരിപ്പ, ചെല്ലാർകോവിൽ, കമ്പമല, പൊന്മുടി എന്നിവിടങ്ങളിലാണ്. നിലവിലുള്ള ഇക്കോടൂറിസം പദ്ധതികളുടെ പുനരു ദ്ധാരണത്തിന് ആവശ്യമായ തുടർ സഹായങ്ങളും ഈ കാലഘട്ടത്തിൽ ലഭ്യമാക്കി. ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളും നടത്താറുണ്ട്. 2014-15 കാലയളവിലെ ഇക്കോടൂറിസം പ്രവർത്തനങ്ങൾക്കായി 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം സമർപ്പിക്കപ്പെട്ട പുതിയ പദ്ധതികൾക്കും നിലവിലുള്ള |

പദ്ധതികളുടെ പുനരുദ്ധാരണത്തിനാവശ്യമായ തുടർ സഹായങ്ങൾക്കുമായി ഈ തുക വിനിയോഗിക്കുന്നതാണ്

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രകൃതിയിൽ അധിഷ്ടിതവും പാരിസ്ഥിതികമായി സുസ്ഥിരമായതും. വിദ്യാഭ്യാസവും വ്യാഖ്യാനവും പ്രധാന ഘടകമായതും തദ്ദേശീയർക്ക് ഗുണപ്രദമായതുമായ വിനോദസഞ്ചാരമാണ് ഇക്കോടൂറിസം. പ്രകൃതിയുമായി ഗാഢമായി ബന്ധപ്പെട്ട് അതിന്റെ ബൃഹത്തായ സൃഷ്ടികളുമായി സംയോജിച്ച് ജീവിതത്തിൽ ആഹ്ലാദം കണ്ടെത്തുന്ന പ്രകൃതിയ്ക്ക് അനുയോജ്യമായ വിനോദസഞ്ചാരമാണ് ഇക്കോടൂറിസം. ചുരുങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യവും, ആവാസ വ്യവസ്ഥയ്ക്കുമേൽ കുറഞ്ഞ അളവിൽ മാത്രമുള്ള സമ്മർദ്ദവും ഇക്കോടൂറിസത്തെ പൊതു ടൂറിസത്തിൽ നിന്നും ഭിന്നമാക്കുന്നു. തദ്ദേശീയർക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രകൃതി സമ്പത്ത് സംരക്ഷിച്ചുകൊണ്ടുതന്നെ സാമ്പത്തിക നേട്ടങ്ങൾ നേടുക എന്നതാണ് ഇക്കോടൂറിസത്തിന്റെ ശൈലി. സാധാരണ ടൂറിസത്തെ അപേക്ഷിച്ച് ഇക്കോടൂറിസത്തിന് വളരെ കുറച്ച് അടിസ്ഥാന സൗകര്യങ്ങൾ മതി. ഇക്കോടൂറിസം വെറുമൊരു വിനോദത്തിന് മാത്രമുള്ള ഉപാധിയല്ല. സന്ദർശിക്കുന്ന സ്ഥലത്തെക്കുറിച്ച് ശാസ്ത്രീയമായ അറിവ് പകരുന്നതിനുള്ള ഒരു വേദികൂടിയാണിത്. അതിനാൽ സാധാരണ ടൂറിസത്തിൽ നിന്നും വ്യത്യസ്ഥമായി ആരോഗ്യകരമായ

ഒരു നൂതന ടൂറിസം സംസ്കാരം വളർത്തിയെടുക്കാനാണ് ഇക്കോടൂറിസം പദ്ധതി ലക്ഷ്യമിടുന്നത്. പൊതു വിനോദസഞ്ചാരത്തിൽ നിന്ന് വ്യത്യസ്ഥമായി സാമ്പത്തിക നേട്ടമുണ്ടാക്കുക എന്നതിലുപരി ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രാദേശിക ജനതയുടെ (വനസംരക്ഷണ സമിതി, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി) പങ്കാളിത്തം ഉറപ്പുവരുത്തി അവർക്കു കൂടി സാമ്പത്തിക വരുമാനം ലഭ്യമാകുന്ന തരത്തിൽ ഇക്കോടൂറിസം പ്രദേശങ്ങളുടെ സുസ്ഥിര വികസനം ലക്ഷ്യമിട്ടാണ് ഇക്കോടൂറിസം പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്

(സി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വനംവകുപ്പ്, കെ.എഫ്.സി.ഡി,തെന്മല ഇക്കോടൂറിസം പ്രമോഷൻ സൊസൈറ്റി, ഡി.റ്റി.പി.സി-കൾ തുടങ്ങിയ ഏജൻസികളാണ് കേരളത്തിലെ ഇക്കോടൂറിസം പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

(ഡി) ഇക്കോടൂറിസം പദ്ധതികൾക്ക് അനുയോജ്യമായ പ്രദേശങ്ങളിലെ ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് ലഭിക്കുന്ന വിശദമായ പദ്ധതി രൂപരേഖ പരിശോധിച്ച് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നടത്തിപ്പിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. ഈ സാമ്പത്തിക വർഷ (2014-15)ത്തിന്റെ ആരംഭത്തിൽ തന്നെ ബന്ധപ്പെട്ട ഏജൻസികൾക്ക് പുതിയ

പദ്ധതികൾ ആരംഭിക്കുന്നതിനും നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും ആവശ്യമായ പദ്ധതി രൂപരേഖകൾ സമർപ്പിക്കുന്നതിന് നിർദേശം നൽകുകയും ലഭിച്ച പദ്ധതി രൂപരേഖകൾക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ